ശ്രീ. കെ. കരുണാകരൻ: റിലീഫ് വർക്കിനെ സംബന്ധിച്ച് ഇപ്പോൾ കമ്മിറ്റിയുമായിട്ട് ആലോചിക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. എങ്ങനെയാലും ശരി അത് പരിശോധിക്കാം.

ശ്രീ. എം. കെ. കേശവൻ: കേന്ദ്രം നൽകിയ സഹായമുപയോഗിച്ച് ദുരിതാശ്വാസപ്രവർത്തനങ്ങൾ നമ്മുടെ നാട്ടിൽ നടത്തുന്നതായി മുഖ്യമന്ത്രി പറഞ്ഞു. ഒരു വില്ലേജാഫീസർ ദുരിതാശ്വാസപ്രവർത്തനത്തോടനുബന്ധിച്ച് കൊടുത്ത ഓണക്കോടിയാണ് എന്റെ കയ്യിലുള്ളത്. ആർക്കും ആവശ്യമില്ലാത്ത പഴന്തുണിശേഖരിച്ച് ഓണക്കോടി എന്ന് പറഞ്ഞ് പാവപ്പെട്ട ആളുകൾക്ക് വിതരണം ചെയ്തു. ഇത് ഒരു വില്ലേജാഫീസർ കൊടുത്തതാണ്. ഒരു ഏജൻസിയാണെങ്കിൽ സാരമില്ല. ഇത് നാണംകെട്ട ഏർപ്പാടല്ല? (രണ്ടു തുണികൾ പൊക്കിക്കാണിച്ചു.)

(ഉത്തരം പറഞ്ഞില്ല)

ശ്രീ. എസ്. ആർ. തങ്കരാജ്: പി. ഡബ്ലിയു. ഡി. ആയിരുന്നാലും ഇറിഗേഷനായിരുന്നാലും ജോലികൾ നടത്തുന്നതിൽ വളരെയധികം പാകപ്പിഴകൾ നടക്കുന്നതായിട്ടും വിനിയോഗിക്കുന്ന തുകയുടെ 60 ശതമാനം പോലും വർക്കുകൾക്ക് ചെലവഴിക്കാത്തതായിട്ടുമൊക്കെ പരാതിയുണ്ട്. ഈ സാഹചര്യത്തിൽ മുഖ്യമന്ത്രി ഇവിടെ പറഞ്ഞതുപോലെ വിവിധ ഏജൻസിമുഖാന്തിരം നടത്തുന്ന ചെലവുകൾ എവിടെയെല്ലാം എന്തെല്ലാം ജോലികൾക്കുവേണ്ടിയാണ് വിനിയോഗിക്കുന്നതെന്ന് ജനപ്രതിനിധികളെ ഒന്ന് അറിയിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഇതിന് നിലവിലുള്ള വ്യവസ്ഥയനുസരിച്ചുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ശരിയായ നിലയിൽ ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കാൻ ഒരു വിജിലൻസ് സ്ക്വാഡിനെ ഏർപ്പെടുത്താനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ജി. വരദൻ: വീടു പൂർണമായ നഷ്ടപ്പെട്ടവർകളിൽ പട്ടയം ഉള്ളവർകളുക്കു 1500 രൂപായും പുറമ്പോക്കിൽ വീടു നഷ്ടപ്പെട്ടവർകളുക്കു 500 രൂപായും കൊടുപ്പതുക്കു തേവയാന നടവടിക്കൈ എടുക്കപ്പടുമാ?

ശ്രീ. കെ. കരുണാകരൻ: ഭവന നിർമ്മാണത്തെ സംബന്ധിച്ചിടത്തോളം ഒരു സ്കീം തന്നെ അംഗീകരിച്ചിട്ടുണ്ട്. പണം കൊടുക്കുന്നതിനുപകരം കഴിയുന്നതും അവർക്ക് വീട് വച്ചുകൊടുക്കുവാനുള്ള ഒരു സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. വീട് വച്ചുകൊടുക്കാൻ ശ്രമിക്കും. അതല്ലാതെ എന്താണ് ചെയ്യാൻ സാധിക്കുക എന്നുള്ളത് പരിശോധിക്കാം.

പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾക്ക് വനംവകുപ്പിൽനിന്നും നൽകുന്ന അസംസ്കൃത വിഭവങ്ങൾ

*4 [4] ശ്രീ. ടി. കാർത്തികേയൻ:
,, രാഘവൻ പൊഴക്കടവിൽ:
,, തെന്നല ജി. ബാലകൃഷ്ണപിള്ള:
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:
,, രമേഷ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾക്കാണ് വനം വകുപ്പിൽ നിന്ന് അസംസ്കൃതവിഭവങ്ങൾ നൽകുന്നത്;

(സി) ഏതെല്ലാം അസംസ്കൃത വിഭവങ്ങളാണ് നൽകുന്നത്;

(ഡി) ഓരോ ഇനത്തിനും ഈടാക്കുന്ന വില എത്രവീതം;

(ഇ) വനം വകുപ്പിൽനിന്ന് അസംസ്കൃതസാധനങ്ങൾ ലഭിക്കാത്ത കാരണംകൊണ്ട് ഏതെങ്കിലും വ്യവസായത്തിന്റെ ഉല്പാദനം മുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ) 1. ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ്, വെള്ളൂർ
2. ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, പുനലൂർ
3. കേരള വുഡ് ഇൻഡസ്ട്രീസ്, നിലമ്പൂർ
4. കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ, അങ്കമാലി

(ബി) ഈറ, മുള, യൂക്കാലിപ്റ്റസ്, വിവിധയിനം തടികൾ, വിറക് മുതലായവയാണ് നൽകുന്നത്.

(സി) ഓരോ ഇനത്തിനും താഴെ പറയുംപ്രകാരമാണ് വില ഈടാക്കിവരുന്നത്.

വ്യവസായസ്ഥാപനം	അസംസ്കൃതവിഭവം	ഈടാക്കുന്ന വില
ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ്	ഈറ	12 രൂപ (ഒരു ടണ്ണിന്)
	യൂക്കാലിപ്റ്റസ് മുള	11 രൂപ (,,) 1978-ലെ വില നിജപ്പെടുത്തൽ നിയമമനുസരിച്ച്
ബാംബൂ കോർപ്പറേഷൻ കേരള വുഡ് ഇൻഡസ്ട്രീസ്	ഈറ വിറക്	വില ഈടാക്കുന്നില്ല 22,000 രൂപ (ക്യൂ. മീ.)
	തേക്ക്	4,500 ,, ,,
	മറ്റു കട്ടിത്തടികൾ	3,000 ,, ,,
	തോയിനി ഇനങ്ങൾ ഉണ്ടാക്കുന്നതിനുള്ള തടികൾ	2,500 ,, ,,
	മാറിനങ്ങൾ	1,500 ,, ,,
ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്	വെള്ളമരം	കാലാകാലങ്ങളിൽ നിലവിലുള്ള വിൽപ്പന വില നിജപ്പെടുത്തൽ നിയമം അനുസരിച്ചുള്ള വില ഈടാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വ്യവസായ സ്ഥാപനങ്ങൾക്കു കരാർ അനുസരിച്ചുള്ള അസംസ്കൃത സാധനങ്ങൾ നൽകാത്തതുമൂലം ഉൽപ്പാദനം തുടങ്ങിയിട്ടുള്ളതായി അറിവില്ല.

ശ്രീ. ജി. കാർത്തികേയൻ: ഇവിടെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന അസംസ്കൃത സാധനങ്ങളുടെ വില ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ വിലയും പരസ്യമാർക്കറ്റിലെ വിലയും തമ്മിൽ വ്യത്യാസമുണ്ടോ? ഉണ്ടെങ്കിൽ അത് എത്രയാണ്? ഒരു വർഷം ഗവൺമെന്റിനുണ്ടാകുന്ന നഷ്ടം എത്രയാണ്?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഈ കമ്പനിക്കാരുമായി കരാർ വച്ചതനുസരിച്ച് അവർക്ക് കൊടുക്കുന്ന വിലയും പരസ്യമാർക്കറ്റിലെ വിലയും തമ്മിൽ ഒരുപാട് വ്യത്യാസമുണ്ട്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

மங்களாதேவி கோவில்

(Mangaladevi Temple)

*5 [5] ஸ்ரீ. ஜீ. வரதன்: கீழ் காணும் வினாக்களுக்கு முதன் மந்திரி தயைகூர்ந்து விடை நல்குவாரா:

(எ) கேரளத்திலுள்ள மங்களாதேவி கோவில் தீ விபத்து உடைந்தது அரசின் கவனத்திற்கு வந்துள்ளதா;

(பி) இது தொடர்பாக தமிழ்க அரசியல் தலைவர் ஒருவர் இக்கோவில் தமிழகத்திற்கு கொடுக்கவேண்டுமென வேண்டுகோள் விடுத்துள்ளாரா?

முഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

(ബി) ഇല്ല.

എൻ. ജി. ഒ. അദ്ധ്യാപക പണിമുടക്ക്

*6 [6] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ:
,, ആർ. എസ്. ഉണ്ണി:
,, വി. കെ. രാജൻ:
,, ലോനപ്പൻ നമ്പാടൻ:
,, പി. സീതിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ജീവനക്കാരും അദ്ധ്യാപകരും ആഗസ്റ്റ് 7 മുതൽ തുടങ്ങിയ പണിമുടക്കിനെ തുടർന്ന് (പൊലീസ് വിഭാഗത്തെ ഒഴിവാക്കി) എത്ര ശതമാനം ജീവനക്കാർ ജോലിക്ക് ഹാജരായി;

LIBRARY ARCHIVES Kerala Legislative Assembly